ஸ்ரீ. டி. கொச்சுகிருஷ்ண பிள்ளை: இந்த காலேஜும் Medical Practitioner's Act கு உள்ப்பட்டதல்லவா?

ശ്രീ. എ. ജെ. ജാൺ: അറിവില്ല.

ശ്രീ. കെ. കെ. ചെല്ലപ്പൻപിള്ള: ആയുർവേദ കോഴ്സിനു് പഠിക്കുന്നതിനുള്ള സൗകര്യം അവക്കു കൊടുത്തിട്ടുണ്ടോ?

ശ്രീ. എ. ജെ. ജാൺ: ആയുർവേദ കാളേജു ഇവിടെയുണ്ടു് അവിടെ പഠിക്കാം.

ശ്രീ. കെ. കെ. ചെല്ലപ്പൻപിള്ള: അതിൽ അഡ്മിഷൻ തടഞ്ഞിട്ടുണ്ടോ?

ശ്രീ. എ. ജെ. ജാൺ: അതു് നോക്കി പറയേണ്ടതായിട്ടാണു് ഇരിക്കുന്നതു്.

കോടതികളുടെ അധികാരാതിർത്തികൾ

* ൧൫൪. (൪) ശ്രീ പി. നാണു: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ചീഫ്മിനിസ്റ്റർ സദയം മറുപടി നൽകുമോ:—

(എ) താലൂക്കുകളുടെയോ, നീതിന്യായക്കോടതികളുടെയോ അധികാരാതിർത്തി ഭേദഗതി ചെയ്യുന്നതു സംബന്ധിച്ചു് എന്തെങ്കിലും ആലോചന നടക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഏതെല്ലാം കോടതികളേയും താലൂക്കുകളേയും സംബന്ധിച്ചാണു്?

ശ്രീ. ഇ. ജോൺ ഫിലിപ്പോസ്:

(എ) അതിനെപ്പറ്റി അന്വേഷണങ്ങൾ നടത്തിക്കൊണ്ടിരിക്കുന്നു.

(ബി) അന്വേഷണം പൂർത്തിയായിട്ടില്ല.

ശ്രീ. പി. നാണു: ഇപ്പോണ്ടിൽ എന്തെങ്കിലും ഭേദഗതികൾ വരുത്തുവാൻ ഇടയുണ്ടോ?

ശ്രീ. ഇ. ജാൺ ഫിലിപ്പോസ്: അതു് ഇപ്പോൾ പറയുവാൻ നിവൃത്തിയില്ല.

Sri. D. Gnanasigamoni: May I to understand that the matter is now pending with the Government?

Sri. E. John Philipose: The matter is under consideration of Government.

Sri. D. Gnanasigamoni: May I know whether it is on the recommendation of the High Court of this land?

Sri. E. John Philipose: I cannot be too sure about that now.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: ഇങ്ങിനെ ഭേദഗതി ചെയ്യണമെന്നു് പൊതുജനങ്ങളിൽനിന്നു് വല്ല നിവേദനവും കിട്ടിയിട്ടുണ്ടോ?

ശ്രീ. ഇ. ജാൺ ഫിലിപ്പോസ്: ഉണ്ടു്.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: ആ നിവേദനങ്ങളെക്കുറിച്ചു ഗവൺമെണ്ടു് എന്തു ചെയ്തു?

ശ്രീ. എ. ജെ. ജാൺ: അതു് ഗവൺമെണ്ടിന്റെ അന്വേഷണത്തിൽ ഇരിക്കുന്നു.

റിട്രഞ്ചുമെൻറ്

*൧൫൫. (൫) ശ്രീ. പി. നാണു: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ചീഫ്മിനിസ്റ്റർ സദയം മറുപടി നൽകുമോ:—

(എ) സംസ്ഥാനത്തെ ചെലവു കുറയ്ക്കുന്നതിനു ഉദ്യോഗങ്ങളുടെ എണ്ണം കഴിയുന്നത്ര കുറയ്ക്കുണമെന്നു ഗവൺമെണ്ടു തീരുമാനിച്ചിട്ടുണ്ടോ;

(ബി) റിട്രഞ്ചുമെൻറിനുവേണ്ടി ഉദ്യോഗസ്ഥന്മാരെ പിരിച്ചു വിടുമ്പോൾ ഗവൺമെണ്ടിന്റെ ചില സ്ഥാപനങ്ങളും മാറ്റുകയോ നിറുത്തുകയോ ചെയ്യുന്നതാണോ;

(സി) നീതിന്യായവകുപ്പിൽ നിന്നും ൧൯൦ രൂപായും അതിനുമേലും ശമ്പളമുള്ള എത്ര ഉദ്യോഗസ്ഥന്മാരെ പിരിച്ചുവിടുന്നുണ്ടു്?

ശ്രീ. ഇ. ജാൺ ഫിലിപ്പോസ്:

(എ) ആവശ്യമില്ലാത്ത ഉദ്യോഗങ്ങൾ കുറവുചെയ്യണമെന്നു് തീരുമാനിച്ചിട്ടുണ്ടു്.

(ബി) അല്ല.

(സി) അതിനെപ്പറ്റി തീരുമാനമായിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. നാണു: എതെല്ലാമാണു് ആവശ്യമില്ലാത്ത ഉദ്യോഗങ്ങളാം എന്നു് ഗവണ്മെണ്ടു് ഇപ്പോൾ തീരുമാനിച്ചിരിക്കുന്നതു്?

ശ്രീ. ഇ. ജാൺ ഫിലിപ്പോസു്: അതിന്റെ ലിസ്റ്റു് ഇപ്പോൾ എന്റെ കയ്യിൽ ഇല്ല.

ശ്രീ. പി. നാണു: ലിസ്റ്റില്ലെങ്കിലും ഓർമ്മയിലുള്ളതു് പറയാമോ?

ശ്രീ. ഇ. ജാൺ ഫിലിപ്പോസു്: അങ്ങിനെ പറയാൻ നിവൃത്തിയില്ല.

STATE FORCES

*730. [6] **Sri. A. K. George:** Will the Hon'ble Chief Minister be pleased to state:—

(*a*) has the Government been guaranteed by the Central Government that all our men in the State Forces will be absorbed into service when our forces are taken over by the Centre;

(*b*) does the Government think of abolishing the system of temple duty carried on by the State Forces?

Sri. E. John Philipose: (*a*) and (*b*): These questions have not been finally settled yet.

സംയോജനത്തിനുമുമ്പു് കൊച്ചിയിൽ സ്ഥിരപ്പെടുത്തിയിട്ടുള്ള ഉദ്യോഗസ്ഥന്മാർ

*൩൧൫: (൧) ശ്രീ. എ. എൽ. ജേക്കബു്: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട പ്രധാനമന്ത്രി സദയം മറുപടി നൽകുമോ:—

(എ) തിരുവിതാംകൂർ-കൊച്ചി സംയോജനത്തിനു മുമ്പു് കൊച്ചിയിൽ സ്ഥിരപ്പെടുത്തിയിട്ടുള്ള പലേ സർക്കാർ ഉദ്യോഗസ്ഥന്മാരുടേയും നിയമനങ്ങൾ റദ്ദുചെയ്യുവാനും അവരുടെ കാര്യം വീണ്ടും പരിശോധന നടത്തി തീരുമാനം ചെയ്യുവാനും ഗവണ്മെണ്ടു് ഉത്തരവായിട്ടുണ്ടോ;

(ബി) സംയോജനത്തിനു മുമ്പു് ദീർഘകാല പ്രാബല്യം നൽകി കുറെ തസ്തികകൾ തിരുവിതാംകൂറിൽ സ്ഥിരം തസ്തികകളാക്കിയിട്ടില്ലേ?

(സി) ബി-യിലെ സ്ഥിരപ്പെടുത്തലുകളെ സംബന്ധിച്ചിടത്തോളം പുനഃപരിശോധന ഉപേക്ഷിക്കപ്പെട്ടതു് എന്തുകൊണ്ടു്;

(ഡി) ഗവണ്മെണ്ടിന്റെ ഈ തീരുമാനം സർക്കാർ ഉദ്യോഗസ്ഥന്മാരെ സംബന്ധിച്ചിടത്തോളം കവനൻറിലെ വ്യവസ്ഥകൾക്കു വിരുദ്ധമായിട്ടുള്ളതല്ലേ?

Sri. E. John Philipose: (a) to (d): The member is referred to the answers given on 15th March 1950, on the same matter.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: സംയോജനത്തെപ്പറ്റി ആലോചന നടന്നു കൊണ്ടിരുന്നപ്പോൾതന്നെ രണ്ടു രാജ്യങ്ങളിലും യാതൊരു ഉദ്യോഗസ്ഥന്മാരേയും പുതിയതായി സ്ഥിരപ്പെടുത്തരുതെന്നു ഇരു ഗവണ്മെണ്ടുകളും തമ്മിൽ ഒരു പരസ്പര ധാരണയുണ്ടായിരുന്നതായി അറിയാമോ?

ശ്രീ. ഇ. ജാൺ ഫിലിപ്പോസു്: അങ്ങിനെ പരസ്പര ധാരണയുണ്ടായിരുന്നു.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: ആ ധാരണ അനുസരിച്ചു രണ്ടു ഗവണ്മെണ്ടുകളും പ്രവർത്തിച്ചിട്ടുണ്ടോ?

ശ്രീ. ഇ. ജാൺ ഫിലിപ്പോസു്: അതിനെപ്പറ്റി നോക്കിക്കൊണ്ടിരിക്കുന്നു.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: ആ ധാരണയെ ലംഘിച്ചു സ്ഥിരപ്പെടുത്തിയതായിട്ടു ഗവണ്മെണ്ടിനു അറിയാമോ?

ശ്രീ. ഇ. ജാൺഫിലിപ്പോസു്: അതിനെപ്പറ്റി അന്വേഷിച്ചു കൊണ്ടിരിക്കുന്നു.

ശ്രീ. ഈപ്പൻ അറയ്ക്കൽ: സംയോജനത്തിനുശേഷം കൊച്ചി ഗവണ്മെണ്ടു് പലരേയും സ്ഥിരപ്പെടുത്തിയിട്ടുള്ളതായി അറിയാമോ?

ശ്രീ. ഇ. ജാൺ ഫിലിപ്പോസു്: അതിനെപ്പറ്റി അന്വേഷിച്ചുകൊണ്ടിരിക്കുകയാണു്.

ശ്രീ. ഗാസ്സർ ഡി'സിൽവ: അതിനുമുമ്പു പരസ്പര ധാരണ ഉണ്ടായിരുന്നിട്ടും തിരുവിതാംകൂർ ഗവണ്മെണ്ടു് ഉദ്യോഗസ്ഥന്മാരെ സ്ഥിരപ്പെടുത്തിയതായി അറിയാമോ?

ശ്രീ. ഇ. ജാൺ ഫിലിപ്പോസു്: അതാണു് ഞാൻ പറഞ്ഞതു്, അതിനെപ്പറ്റി അന്വേഷിച്ചുകൊണ്ടിരിക്കുന്നു എന്നു്.

LIBRARY ARCHIVES Kerala Legislative Assembly